(8) മാവേലിക്കര നിയോജകമണ്ഡലത്തിലെ ഹെൽത്ത് സെന്ററുകളിൽ ആവശ്യമായ ഡോക്ടർമാരുടെയും മറ്റ് സ്റ്റാഫുകളുടേയും നിയമനം

ശ്രീ. എം. മുരളി: സർ, കേരളത്തിലെ 201 പ്രൈമറി ഹെൽത്ത് സെന്ററുകൾക്ക് വിവിധങ്ങളായ പദ്ധതികളിലൂടെ ആവശ്യമായ കെട്ടിടങ്ങൾ പണിതീർത്ത് കിടത്തി ചികിത്സാ സൗകര്യം ഏർപ്പെടുത്തിക്കൊണ്ടും staff pattern പുനഃസംവിധാനം ചെയ്തുകൊണ്ടും ഈ ഗവൺമെന്റ് തീരുമാനമെടുക്കുകയുണ്ടായി. ആ 201 പ്രൈമറി ഹെൽത്ത് സെന്ററുകളിൽ മൂന്നെണ്ണം വർഷങ്ങൾക്കുമുൻപ് കെട്ടിടങ്ങളും സൗകര്യങ്ങളും ഏർപ്പെടുത്തിയ എന്റെ നിയോജകമണ്ഡലത്തിലെ കുറത്തികാട്, ചെട്ടിക്കുളങ്ങര, വള്ളിക്കുന്നം പ്രൈമറി ഹെൽത്ത് സെന്ററുകൾ ആയിരുന്നു. കഴിഞ്ഞവർഷം ഡിസംബർ മാസത്തിൽ ആരോഗ്യമന്ത്രി തന്നെ വന്ന് ഈ മൂന്ന് പ്രൈമറി ഹെൽത്ത് സെന്ററുകൾ ഐ.പി. യൂണിറ്റുകൾ ആയി പ്രഖ്യാപിച്ചു.

10.30 A.M.] മൂന്നുമാസം കഴിഞ്ഞു അവിടെ ആവശ്യത്തിന് ഡോക്ടർമാരെയും ജെ.പി.എച്ച്.എൻ., അറ്റൻഡർ ഉൾപ്പെടെ മെഡിക്കൽ സ്റ്റാഫിനെയും നിയമിച്ചിട്ടില്ല. കിടത്തി ചികിത്സ ആരംഭിച്ചിട്ടുമില്ല. ദൗർഭാഗ്യകരമായ ഒരു കാര്യംകൂടിയുണ്ടായി. നിലവിലുണ്ടായിരുന്ന ഡോക്ടർമാരെപ്പോലും ആരോഗ്യ വകുപ്പിലെ ചില ഉദ്യോഗസ്ഥന്മാർ ഡെപ്യൂട്ടേഷനിൽ പറഞ്ഞുവിടുകയും ചെയ്തു. ഇപ്പോൾ എനിക്ക് പുറത്തിറങ്ങാൻ വയ്യ. മൂന്ന് പ്രൈമറി ഹെൽത്ത് സെന്ററുകൾ ഐ.പി. യൂണിറ്റാക്കി കൊട്ടിഘോഷിച്ചുകൊണ്ട് ഉദ്ഘാടനം നടത്തിയ എം.എൽ.എ.-ക്ക് എം.എൽ.എ.-യുടെ ജീവൻരക്ഷ കരുതി ദയവായി ഈ ആഴ്ചതന്നെ ആവശ്യത്തിന് ഡോക്ടർമാരെ നിയമിക്കണം. ആരോഗ്യ വകുപ്പിലെ ചില ഉദ്യോഗസ്ഥർ മനഃപ്പൂർവ്വമായി ആ കാര്യത്തിൽ അമാന്തം കാണിക്കുകയാണ്. നിലവിലുള്ള ഡോക്ടർമാരെപ്പോലും ഡെപ്യൂട്ടേഷനിൽ പറഞ്ഞുവിടുന്നു. ഈ നടപടി അവസാനിപ്പിക്കണം. ഈ ആഴ്ചതന്നെ അവിടെ ഐ.പി. യൂണിറ്റ് പ്രവർത്തനം ആരംഭിക്കാനുള്ള സാഹചര്യമുണ്ടാകണം. ഞങ്ങൾ കെട്ടിടമുണ്ടാക്കി, ബെഡുകളുമുണ്ടാക്കി, നാട്ടുകാരും പഞ്ചായത്തുകാരും എല്ലാവരും സഹകരിച്ചു. പക്ഷേ അതിന് ആരോഗ്യ വകുപ്പിലെ ചില ഉദ്യോഗസ്ഥർ തടസ്സം നിൽക്കുന്നു. അങ്ങ് ഇടപെടണം. ഈ ആഴ്ചതന്നെ ഐ. പി. യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടിയുണ്ടാകണം.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഏറെക്കുറെ പൂർണ്ണമായും ശരിയാണ്. 201 കേന്ദ്രങ്ങൾക്ക് കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് 1200 പുതിയ തസ്തികകൾ സൃഷ്ടിച്ചാണ് ഗവൺമെന്റ് പിന്നോക്കം നിൽക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

പ്രദേശങ്ങളിലെ ആരോഗ്യ സേവനം മെച്ചപ്പെടുത്താൻ തീരുമാനിച്ചത്. പക്ഷേ ദൗർഭാഗ്യവശാൽ ഡോക്ടർമാരെ പി.എസ്.സി. മുഖേന നിയമിച്ചിട്ടും അവർ വന്ന് ജോയിൻ ചെയ്തിട്ടില്ല. ഏതാണ്ട് 620 ഡോക്ടർമാരെ നിയമിച്ചതിൽ ആകെ 213 പേർ മാത്രമാണ് വന്ന് ജോയിൻ ചെയ്തത്. അതുകൊണ്ട് ഡോക്ടർമാരുടെ അഭാവം വലിയ പ്രശ്നമായി മാറിയിരിക്കുകയാണ്. ഇവിടെ ബാക്കിയുള്ള ഒഴിവുകൾ മുഴുവൻ നികത്തുന്നതിന് ആവശ്യമായ സത്വര നടപടികൾ പി.എസ്.സി.-യുമായി ബന്ധപ്പെട്ട് എടുത്തുകൊണ്ടിരിക്കുകയാണ്. അതുപോലെ തന്നെ Hospital Attendant Grade-II, JPHN എന്നിവരെ ട്രാൻസ്ഫർ മുഖേന നിയമിച്ച് ഒഴിവു നികത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. Health Inspector, Junior Health Inspector Grade-II എന്നിവരുടെ പോസ്റ്റിംഗ് പ്രൊമോഷൻ വഴിയാണ്. അത് ഇപ്പോൾ വളരെ താമസിയാതെയാകും. അവരെ അടുത്തുതന്നെ നിയമിക്കും. അതുപോലെ ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പറുമായി ഇക്കാര്യത്തിൽ ചർച്ച നടത്തി വളരെവേഗത്തിൽ തന്നെ പരിഹാരം കാണുന്നതാണ്.

ധനകാര്യം

IV 2005-2006 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

[ചെയറിൽ ശ്രീ. എം. എം. ഹസ്സൻ]

ധനാഭ്യർത്ഥന നമ്പർ V—കാർഷികാദായ നികുതിയും വില്പന നികുതിയും

ധനാഭ്യർത്ഥന നമ്പർ VIII - എക്സൈസ്

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടേയും എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടേയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരം പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 5-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2005-2006 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. പ്രസ്തുത ധനാഭ്യർത്ഥനകൾ സംബന്ധിച്ച ഒരു നയരേഖയും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly